ശാസ്ത്രഗീതിക

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
ശാസ്ത്രകലാജാഥ 1984

Malayalam
SASTRAGEETHIKA
Kerala Sastra Sahitya Parishat
First Published 1984
Social Scientist Press, Trivandrum-14
Price : two rupees

kssp skj 4/84 D 1/8 1/10000

ഭൂമി

സംവത്സരങ്ങളായ് നമ്മുടെ സങ്കൽപങ്ങളി
ലെന്നും മരിക്കാത്തൊരീ ഭൂമി
വരുമൊരു തലമുറയിൽ നിന്നും നമ്മരം കടം വാങ്ങിയ
തിരികെ ഏൽപിക്കേണ്ടൊരീ ഭൂമി.
ഇത് പ്രപിതാക്കരം തന്നൊരു സ്വത്തല്ല
ഇത് ധൂർത്ത പുത്രർക്കായ് ആവോളം കവരുവാൻ
കരുതിയ അളവില്ലാ കലവറയല്ല.
മലകളെ മാറത്തടുക്കി കിടക്കുന്ന കരകളിൽ
ഈ സമതലങ്ങളിൽ
യുഗാന്തരങ്ങരംക്കപ്പുറം ഈ മണ്ണിൽ
തണലും തണുപ്പും താരും തളിരുമായ്
ഹൃദയത്തിൻ ശ്യാമോഷ്മള സൗന്ദര്യമായ്
തരുനിരകരം താരാട്ടി മടിത്തട്ടിലുറക്കി
തലമുറകരം അതിൻ തണലിൽ വളർന്നുണർന്നു
കിടിലം വിറപ്പിക്കുമിടിമിന്നലുകരം-അവരുടെ
ഹൃദയങ്ങരം കീറിപ്പടർന്നപ്പോരം
അവളാശ്രയം അമ്മിഞ്ഞപ്പാലിൻ
വാത്സല്യമായ് അവിടെ രക്ഷകയായ് നിലകൊണ്ടു.
കരയുടെ സ്നേഹം പോലെ വഴിഞ്ഞൊഴുകും പുഴകരം
അവരുടെ ദാഹങ്ങരംക്ക് കുളുർനീരേകി
അവരുടെ പടരും ജഠരാഗ്നി തണുപ്പിച്ചിടാൻ
വയലുകളിൽ വിളകരം, മരങ്ങളിൽ ഫലങ്ങരം
അവരുടെ സായം സന്ധ്യകരം ചുവപ്പിക്കാൻ
ചോരയിൽ പിടയുന്ന സൂര്യൻ, ഉയരുന്ന ചന്ദ്രൻ

അവരുടെ രാവുകളെ പാൽക്കടലിൽ കുളിപ്പിക്കാൻ
പുലരും വരെ എരിയുന്ന ചന്ദ്രൻ
എവിടെയാത്തരുനിരകരം ചുരത്തും
അമ്മിഞ്ഞപ്പാലെവിടെ
അലറിവരും അറവാളുകരം തൻ പല്ലിലൊതുങ്ങുന്നു.
അകലങ്ങളിലേതോ കീശകരം നിറയുന്നു.
എവിടെയാ മണ്ണിൻെറ വിരിമാറിലൊഴുകുന്ന പുഴകരം
നുരയും കൃമികരം പെരുകും മലിനജലം
ഉയരും ആസ്തികളുടെ പുതുപട്ടികകരം

കരുതുക നിങ്ങളോർത്തിരിക്കുക
ഓർത്തിരിക്കുക നിങ്ങളോർത്തിരിക്കുക
ഗതകാല തലമുറകരം പൈതൃകമായ് ഏൽപിച്ചൊരു
തറവാട്ടുധനമല്ല ഭൂമി
വരുമൊരു തലമുറയിൽ നിന്നും നമ്മരം കടം വാങ്ങിയ
തിരികെ ഏൽപിക്കേണ്ടൊരീ ഭൂമി.
ഈ നമ്മളെ നമ്മളായ് മാററിയ ഭൂമി.
ഈ ദുഷ്ടർ മരുഭൂവാക്കും നമ്മുടെ ഭൂമി.

മനുഷ്യന് ആവശ്യമുള്ള എല്ലാം കിട്ടുന്നത് ഭൂമിയിൽ നിന്നാണ്. ഭൂമിയിലാണല്ലോ മനുഷ്യൻ വസിക്കുന്നത്. എന്നാൽ ഭൂമി ഒരു തീരാകലവറയല്ല. അതിനുള്ളിലെ കൽക്കരിയും എണ്ണയും ഇരുമ്പയിരും മററു ധാതുക്കളും എത്ര ധാരാളമുണ്ടെങ്കിലും കുറെക്കഴിഞ്ഞാൽ തീരുന്നതാണ്. പണ്ടുകാലത്ത് മനുഷ്യർക്ക് വളരെ കുറച്ചുമാത്രമേ വേണ്ടിയിരുന്നുള്ളു. അത്രയും എടുക്കാനുള്ള ശേഷിയെ ഉണ്ടായിരുന്നുള്ളു. അന്ന് മനുഷ്യൻെറ കഴിവുകളുമായി തട്ടിച്ചുനോക്കുമ്പോരം ഭൂമി 'അനന്തരത്നപ്രഭവ' തന്നെ ആയിരുന്നു. എന്നാൽ, കഴിഞ്ഞ രണ്ടു നൂററാണ്ടുകാലത്തിനുള്ളിലുണ്ടായ ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും പുരോഗതി മനുഷ്യൻെറ കഴിവുകളെ എന്തെന്നില്ലാതെ വർധിപ്പിച്ചു.

ഒരു കാലത്ത് അനന്തമായിരുന്ന ഭൂമിയുടെ അററം കാണാൻ തുടങ്ങി. ഭൂഗർഭത്തിലുള്ള വിഭവങ്ങൾ അളവററ തോതിൽ ചൂഷണം ചെയ്യുന്നതിനുപുറമേ ഭൂതലത്തെയും വൻതോതിൽ മാററിമറിക്കാൻ മനുഷ്യന് ഇന്ന് കഴിയുന്നു. കാടുകൾ വെട്ടിത്തെളിക്കുന്നു, നാടുകൾ മരുഭൂമികളായിമാറുന്നു, പുഴകളും കായലുകളും വിഷവസ്തുക്കൾകൊണ്ട് നിറയുന്നു, അന്തരിക്ഷം വിഷവാതകങ്ങളാൽ മലിനപ്പെടുന്നു. ക്രമത്തിൽ ക്രമത്തിൽ ചുററുപാട് മനുഷ്യജീവിതത്തിന് അനുയോജ്യമല്ലാതായിത്തീരുന്നു. കേരളത്തിലെ ചാലിയാറും കല്ലടയാറും ഒക്കെ വിഷമയമായിരിക്കുകയാണ്. ബിർളയുടെയും ഡാൽമിയയുടെയും അതിലാഭക്കൊതിയാണിതിനു കാരണം. ആദ്യകാലത്ത് മനുഷ്യർക്ക് തങ്ങൾ ചെയ്യുന്ന പ്രവൃത്തികളുടെ ദൂരവ്യാപകമായ ഫലങ്ങളെപ്പററി അറിയാമായിരുന്നില്ല. ഇന്നറിയാമെങ്കിലും ലാഭക്കൊതിയൻമാരായ ചുരുക്കം ചില മനുഷ്യർ ഈ ഭൂമിയെ മനുഷ്യവാസയോഗ്യമല്ലാതാക്കിക്കൊണ്ടിരിക്കയാണ്. വരുംകാല തലമുറകളുടെ ജീവിതമാണ് ഇതിൻഫലമായി തകരാറിലാകുന്നത്.

മുൻതലമുറയിൽനിന്ന് പൈതൃകമായി കിട്ടിയതാണ് ഈ ഭൂമി എന്ന് സങ്കൽപിക്കുന്നതിനേക്കാൾ വരാൻപോകുന്ന തലമുറകളിൽനിന്ന് കടംകൊണ്ടതാണ് എന്ന് സങ്കൽപിക്കുകയായിരിക്കും കൂടുതൽ ശരി. അവരുടെ ജീവിതം ഇരുളടഞ്ഞതാക്കുവാൻ ഇന്നത്തെ തലമുറക്ക് അവകാശമില്ല.

★★★

മരവും കുട്ടിയും

മരങ്ങൾ കഥ പറയാൻ തുടങ്ങുന്നു

പണ്ടുപണ്ടൊരു വൻമരം
മലങ്കാടുപോലൊരു വൻമരം
നാടിനാമരമർമരം ഈ ജീവിതത്തിനൊരീണമായ്
ചെടികളും ചില കളകളും
കിളികളും നറുപൂക്കളും
ഉലഞ്ഞാടും മരങ്ങളും ആ മരത്തിന്റെ തോഴരല്ലോ
തെയ്തിന്ത തകിടതിന്ത തെയ്തിന്തതകിട തിന്ത (2)
ഞങ്ങൾ തൊണ്ടയിടറി കരളുപൊട്ടി
പാടുന്ന പഴംപാട്ട്
ഞങ്ങളും ആ വലിയമരവും മുടിഞ്ഞപാട്ട്
മരത്തിനൊരുകൊച്ചു കുസൃതിക്കുടുക്ക
കൂട്ടുകാരനായ്
മരവും കുട്ടിയും കളിച്ചും പറഞ്ഞും കാലം
കഴിഞ്ഞേപോയ്

മരവും കുട്ടിയും കടങ്കഥപറഞ്ഞു കളിക്കുന്നു

കുട്ടി: അമ്മുപ്പാവുമൊരച്ചരൻമാവും
ഏട്ടൻമാര് കടപ്ലാവ്
അനിയത്തി കൂവളവും
ഇളയോരനിയൻ മധുരക്കാഞ്ഞിരവും
പറ പറ ചൊല്ലി കടംപിടി മരമേ
അല്ലിക്കൊത്ത് മടങ്കൂട്ട്

മരം: അറിയില്ലല്ലോ
അറിയില്ലല്ലോ കിടാവേ എന്നുടെ
അറിവിൻ മണ്ടയുടച്ചോ നീ.

കുട്ടി: അയ്യയ്യേ കടമൊന്നായേ
അപ്പൂപ്പൻ കളിതോററേപോയ്.

മരവുമൊത്തു കളിച്ചുകൊണ്ടിരിക്കെ കുട്ടി പുഴയെ കാണുന്നതും പുഴ ക്ഷണിക്കുന്നതും

സംഘം: എങ്ങുനിന്നാണെന്നറിഞ്ഞില്ല കേൾക്കുന്നു
കുഞ്ഞു ചിലമ്പൊലികൾ
(ചിലമ്പൊലിയുടെ താളം. കുട്ടി ആ ശബ്ദത്തിന്റെ ഉറവിടത്തെ അന്വേഷിക്കുന്നു)

കുട്ടി: ആരാണീതീരത്തൊരു പാദസരക്കാരീ....
ആരാണാ കുനുകുസൃതി പാവാടക്കാരി

മരം: അങ്ങുപടിഞ്ഞാറുണ്ടൊരു മുത്തശ്ശി
നീലക്കടൽ മുത്തശ്ശി
തിരയുടെ തോടക്കാതുകളാട്ടി
ചിരിതൂകുന്നൊരു മുത്തശ്ശി
മുത്തശ്ശിക്കഥകേൾക്കാൻ-
മുത്തങ്ങൾ കൈമാറാൻ-
കൊച്ചുകിലുക്കാംപെട്ടിപ്പെണ്ണവൾ പോകുന്നു
ഓടിപ്പോകുന്നു
കിട്ടുന്നതുകുമ്പിളിലാക്കി മുത്തശ്ശിക്കു കൊടുക്കാൻ
എപ്പോഴും തുള്ളിച്ചാടി പെണ്ണവൾപോകുന്നു
പെണ്ണവൾപോകുന്നു
കരയുടെ കാതിൽ ഇടയ്ക്കിടെ ഇത്തിരി നുണകൾമൂളുന്നു
അറിയില്ലിപ്പൊഴുമവളൊരു തികഞ്ഞ പെണ്ണായിട്ടുണ്ട്.

പുഴ പ്രവേശിക്കുന്നു. കുട്ടിയെ കാണുന്നു. പുഴയും കുട്ടിയും പരിചയപ്പെടുന്നു

പുഴ: കുഞ്ഞേ കുഞ്ഞേ പോരുന്നോ?
എന്നുടെ മുതുകത്തേററാം ഞാൻ
ഒത്തിരിനാടുകരം കാണാം
നിറയെ പൂത്തമരങ്ങരം കാണാം
അക്കരെകാണാം ഇഷ്ടംപോലെ
കുട്ടികളെക്കാണാം.

കുട്ടി: അയ്യയ്യോഅങ്ങു ദൂരേക്കു ഞാനില്ല
ഈ മരത്തെവിട്ട് ഞാനില്ല

പുഴ: കുഞ്ഞേ കുഞ്ഞേ പോരുന്നോ (ആവർത്തിക്കുന്നു)
(പുഴ പാടിപ്പാടി നീങ്ങുന്നു)

കുട്ടി: (മരത്തിനോട്) ഇക്കരെ നിന്നിട്ട് അക്കരെ കണ്ടിട്ട്
ഞാനോടിവരാം

മരം: വേഗം വരണേ, എനിക്കൊററക്കിരിക്കാൻ ഒരു രസവു
മുണ്ടാവില്ല.

കുട്ടി: ഞാൻ വേഗം വരും
[കുട്ടി ഓടിപ്പോകുന്നു, പുഴയോടൊത്ത്]
[ഹമ്മിങ്ങ്. തിന്തിമിതിമി]
[ഒരു രംഗം തീർന്നതുപോലെ നടൻമാർ ഇരിക്കുന്നു. വീണ്ടും പഴയ മരം രംഗത്ത്]

അക്കരെ കണ്ട കുട്ടിയുടെ ദുഃഖം തീർക്കുന്ന മരം

[കുട്ടി വിഷാദത്തോടെ പ്രവേശിക്കുന്നു.]

കുട്ടി: അക്കരെ അക്കരെ ഒത്തിരി കൊച്ചുകുട്ടികളെ കണ്ടു. പുസ്തകമേന്തിയ കുട്ടികരം. പുഴപറഞ്ഞുതന്നല്ലോ.

മരം: അതാണോ നിൻെറ സങ്കടത്തിനു കാരണം! നീ സങ്കടപ്പെടരുത്. നിനക്കു ഞാനില്ലേ? ദാ നോക്ക്

കാണുന്ന കൊമ്പത്തും
കാണാത്ത കൊമ്പത്തും
എത്തും കൊമ്പത്തും
എത്താ കൊമ്പത്തും
കിട്ടും പഴമെല്ലാം പറിച്ചു വിറേറാളൂ
ഒക്കുംവരെ നീ പഠിച്ച് വലുതായിക്കോളൂ.

(തിന്തിമി തെയ്യാരോ ഓ തെയ്യം തിന്തിമി തെയ്യാരോ എന്ന താളാത്മകമായ പശ്ചാത്തലത്തിൽ കുട്ടി പഴം പറിച്ച് കുട്ടയിൽ നിറച്ചു.)

മരം: എനിക്കെന്നും നിന്നെ കാണണം; നീ വരുമല്ലോ?

കുട്ടി: എന്നും ഞാൻ നിന്നെ കാണും. ഞാൻ ഈ പഴമെല്ലാം ചന്തയിൽ കൊണ്ടുപോയി വിൽക്കട്ടെ.

വർഷങ്ങൾക്കുശേഷം കുട്ടി യുവാവായി തിരിച്ചുവരുന്നു.

മരങ്ങളുടെ പാട്ട്

മരം: എന്തേ വിഷാദം നാളേറെയായിട്ടും
എന്തേ ഈ കൺകളിൽ തീരാത്ത ദുഃഖം

കുട്ടി: എനിക്ക് മഞ്ഞും മഴയും കൊള്ളുവാൻ വയ്യെന്ന് നിനക്കറിഞ്ഞുകൂടെ? എനിക്കൊരു വീടുവേണം. ഞാൻ ആരോടാണതു പറയുക. നിനക്ക് എന്നെ സഹായിക്കാനാകുമെന്ന് പരശു എന്നോടു് പറഞ്ഞു.

മരം: ആരാണീ പരശു?

കുട്ടി: എന്നോടൊത്തുപഠിച്ചവൻ, നാട്ടിൽ മാന്യൻ, നേതാവ്

മരം: എത്രകാലം നിന്നെ കൺനിറയെ കാണാൻ
എൻകുട്ടി ഞാൻ കൺ പാർത്തിരുന്നു
എത്രയായാലും നിൻെറ മോഹംതീർക്കാൻ
ഒക്കുന്നതത്രയും നൽകിടാം ഞാൻ
ഒരു ശാഖ നീ കൊണ്ടുപൊയ്ക്കോളൂ
എൻെറ മറുഭാഗമീ ഭൂവിൽ വിട്ടേക്കു

(കുട്ടി മരത്തിൻെറ ശാഖ മുറിക്കാൻ ആരംഭിക്കുന്നു
പുഴ പ്രവേശിക്കുന്നു.)

പുഴ: പക്ഷെ കൈമറന്നുള്ള ദാനം
ഭിക്ഷാംദേഹിതൻ അത്യാഗ്രഹം
നല്ലതല്ല രണ്ടുമെന്നോർത്തിടേണം
നല്ലതല്ലാത്തതു ചെയ്യാതിരിക്കണം

(മരങ്ങളുടെ സംഘം വീണ്ടും ഏററുപാടുന്നു.)

(മരം മുറിച്ചുകഴിഞ്ഞതിനുശേഷം കുട്ടിയോട് മരം)

മരം: മോനേ, അക്കരെ നീ തീർക്കുന്നു മേൽക്കൂര. ഇക്കരെ ഞാൻ ഒററക്കും. എനിക്കങ്ങോട്ട് വരാനാവില്ലല്ലോ. നിൻെറ വിശേഷങ്ങരം എങ്ങനെ ഞാനറിയും?

കുട്ടി: എൻെറ വിശേഷങ്ങരം ഞാൻ പുഴയോട് പറഞ്ഞു വിടാം.

[കുട്ടി വേർപിരിയുന്നു.]

പരശു മരത്തെ കാണാൻ എത്തുന്നു.

സംഘം: I ഇലകരം കൊഴിഞ്ഞു.
II പൂക്കരം വിരിഞ്ഞു.
III വരുമവൻ എന്നെങ്കിലും മരം കാത്തിരുന്നു.

സംഘം: [എല്ലാവരും] എന്നാൽ ഒരുനാരം അവനുപകരം വന്നത് പരശു ആയിരുന്നു.

[പരശുവിനെ കണ്ടമാത്രയിൽ മരത്തിൻെറ കുടുംബം ഭയന്നുപോയി. പരശു കടന്നുവരുന്നു.]

പരശു: [മരത്തെകണ്ട് സ്വാഗതം] ഹായ് ഇവനൊന്നല്ലല്ലോ സുഗന്ധം പടർത്തും ചന്ദനം, ഈടുററ വീട്ടി, കരുത്തുററ തേക്ക്, സൗന്ദര്യമുള്ള ഇരൂരം, ഹായ് ഹായ് ഇതൊരു കലവറതന്നെ

[പരശു മരത്തിനോടടുത്തപ്പോരം മരം ഭയന്നുമാറുന്നു.]

പരശു: എന്തെൻെറ മരമേ അന്യനെപ്പോലെന്നോട്. ഞാൻ നിൻെറ കൂട്ടുകാരൻ കുട്ടിയോടൊത്തു പഠിച്ചവൻ. നാട്ടിൽ മാന്യൻ, എല്ലാവർക്കും നേതാവ്, വൈശ്യൻ, വണിക്ക്, ദേശദേശാന്തരങ്ങളിൽ എൻെറ കച്ചവടം വ്യാപിച്ച് കിടക്കുന്നു.

മരം: നിനക്ക് എന്താണ് വേണ്ടത്?

പരശു: അയ്യോ എനിക്കൊന്നും തന്നെ വേണ്ട. ഞാൻ വന്നത് കുട്ടിക്കായ്. അവൻ മിടുക്കൻ. അവൻ വളർന്ന് വലുതാകുന്നു. അവന് മിടുക്കനാകാൻ യാത്രവേണം ദൂരെ ദൂരേക്ക്, കടൽ കടന്നുള്ള യാത്ര. ഇനിയുമിനിയും വലിയവനായ് വളർന്നിടാൻ. അതിനവന് തോണിവേണം, അതിനായ് നിൻ തായ്ത്തടി വേണം. അവനുവേണ്ടി നീ മരിക്കണം.

മരം: അരുതരുത്. അതു പറയരുത് നീ മകനേ
ഞാൻ നിലനിൽക്കണമീ മണ്ണിൽ മകനേ
കടയററു കിടന്നാലീ കിലുകിലെ ഒഴുകുന്ന
പുഴ ചാകും, മഴ പോകും, നീ ചാകും.
അവൻ ചാകും.

പരശു: ധിക്കാരം പറയുന്നോ? വെട്ടും ഞാൻ കൊത്തും ഞാൻ, നീയും നിൻെറ വംശവും ഞങ്ങൾക്കായ് ജനിച്ചവർ, എപ്പോൾ വേണമോ അപ്പോൾ നിങ്ങളെ ഞാൻ മുറിക്കും. വിൽക്കും, കാശാക്കും.

മരം: നീ ലാഭക്കൊതിയൻ മഴുവാണ്. നിൻെറ സ്വഭാവം ഈ ഭൂമിക്കുതന്നെ ശാപം.

പരശു: നിൻെറ അറിവെനിക്ക് പുല്ലാണ്. വെട്ടും ഞാൻ, കൊത്തും ഞാൻ, കത്തിക്കരിക്കും. പിന്നെ നിന്നിൽ ഞാൻ തീർക്കും ശിൽപങ്ങൾ.

[ഇതാവർത്തിച്ച് പറഞ്ഞുകൊണ്ട് മരങ്ങളെ ഓടിച്ചു പിടിച്ച് കൊത്തി വീഴ്ത്തുന്നു.]

വൃദ്ധനായ കുട്ടിയുടെ തിരിച്ചുവരവ്

സംഘം: [ഓരോ ആളുകരം എഴുന്നേററുവന്ന് പറയുന്നു.]

I അതെ മനുഷ്യൻ സ്വന്തം ദുരിതങ്ങരം സൃഷ്ടിക്കുന്നു.

II കൂട്ടത്തിൽ നിഷ്ക്കളങ്കയായ പ്രകൃതിയെ മുറിപ്പെടുത്തുന്നു.

III മലയിലെ പാറയിടുക്കിൽ പുഴ ചത്തൊടുങ്ങി.

IV സൂര്യൻ തീനാളങ്ങരം ഭൂമിയിലേക്കയച്ച് എല്ലാററിനെയും കരിച്ചു.

V ഒന്ന് തളിർക്കാൻപോലും ഒരു മഴ പെയ്തില്ല.

ഒരു നാരം ഒരു വൃദ്ധൻ.

വ്യാഴവട്ടപ്പൂക്കരം വാടികരിഞ്ഞേപോയ്
വേപഥു പൂണ്ടൊരു വൃദ്ധൻ
വേനലിൽ വീണും തളർന്നും കുഴഞ്ഞും
ദാഹിച്ചു കണ്ഠം കരിഞ്ഞും
പാദങ്ങരം പൊള്ളിപ്പഴുത്തും
വ്രണങ്ങളിൽ വേദനകരം കാത്തുവെച്ചും
തേടുന്നു ചിന്തു തണൽ മരക്കൊമ്പിൻെറ
സ്നേഹവാത്സല്യങ്ങരം പാവം

(മരക്കുററിയെ കെട്ടിപ്പിടിച്ചിരിക്കുന്ന വൃദ്ധൻ)

വൃദ്ധൻ: എങ്ങും തപിക്കുന്ന സൂര്യൻെറ കാർക്കശ്യം
എനിക്കൊരിത്തിരി തണൽ താ
ഞാൻ മരിച്ചുപോകും ഞാൻ നിൻെറ പ്രാണനല്ലേ.

മരക്കുററി: ഞാൻ മരിക്കാറായി കിടക്കുന്ന കുററിയായ മരം മാത്രം
എനിക്ക് ദാനം ചെയ്യാനുണ്ടായിരുന്നതെല്ലാം
നിൻെറ കൂട്ടുകാരൻ നിനക്കെന്നും പറഞ്ഞ്
തട്ടിക്കൊണ്ടുപോയി. ഞാൻ നിസ്സഹായൻ.

വൃദ്ധൻ: എനിക്കൊരിത്തിരി തണൽ താ

മരക്കുററി: ഞാൻ നിസ്സഹായൻ

(മൂന്ന് പ്രാവശ്യം ആവർത്തിക്കുന്നു)

സംഘം: ഞങ്ങൾ കണ്ട കാലത്തീ മരക്കുററി പുണർന്നൊരു
വൃദ്ധശരീരം പൊരിവെയിലിൽ കരിഞ്ഞും
വിണ്ടുണങ്ങിയും ഞങ്ങളുടെ പ്രപിതാവിൻ
ദുരന്തസ്മാരകമായ്

സംഘം: ഈ സ്മാരകം ഞങ്ങളിൽ
ഉണർത്തുന്നുണ്ടൊരു ഭയം
ലാഭക്കൊതിയൻമാരായ മേലാളൻമാർ വെട്ടുന്നു
കൊത്തുന്നു
വൻകാടുകൾ, തീർക്കുന്നീ ഭൂമിയെ മരുഭൂവായ്

അതിനാൽ ഞങ്ങൾ

തൊണ്ടയിടറി
കരളുപൊട്ടി പാടുന്ന
പഴം പാട്ട്
ഞങ്ങളും ആ വലിയ മരവും മുടിഞ്ഞപാട്ട്.

പണ്ടുപണ്ടൊരു വൻമരം
മലങ്കാടുപോലൊരു വൻമരം.

ഈ ഭൂമുഖത്ത് ജീവൻ ഉടലെടുത്തത് കടലിലാണോ കരയിലാണോ എന്നതിനെപ്പററി ശാസ്ത്രജ്ഞൻമാർക്കിടയിൽ അഭിപ്രായവ്യത്യാസം ഇപ്പോഴുമുണ്ട്. എന്നാൽ മനുഷ്യജാതി ഉരുത്തിരിഞ്ഞത് കാട്ടിലാണ് എന്നതിനെപ്പററി ആർക്കും ഒരു തർക്കവുമില്ല. മനുഷ്യവംശത്തിൻെറ ഉൽപത്തിമുതൽ കാടുമായി അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണ് അതിൻെറ വളർച്ച. ആദ്യകാലങ്ങളിൽ അവന് വിശപ്പടക്കാൻ ഫലമൂലാദികളും, വിശ്രമിക്കാൻ തണലും, തണുപ്പകററാൻ വിറകും, ആയുധങ്ങൾക്കുള്ള കമ്പും കാട്ടിലെ മരങ്ങൾ

നൽകി. കൃഷി കണ്ടുപിടിച്ചപ്പോൾ കാടുവെട്ടി നാടാക്കാൻ തുടങ്ങി. ഒരാവശ്യം നിറവേററാൻ മറെറാന്ന് ത്യജിക്കേണ്ടി വന്നു. ഗ്രാമങ്ങളും നഗരങ്ങളും വളർന്നപ്പോൾ ഗൃഹനിർമാണത്തിനും ഫർണിച്ചർനിർമാണത്തിനും മരം ആവശ്യമായി വന്നു. കൂടുതൽ കാടുവെട്ടി. വ്യവസായങ്ങൾ വളർന്നപ്പോൾ പൾപ്പുണ്ടാക്കാനും കടലാസ്സുണ്ടാക്കാനും തീപ്പെട്ടിയുണ്ടാക്കാനും, അങ്ങനെ പലതിനും കാട്ടിലെ മരങ്ങൾ ഉപകരിച്ചു.

ക്രമത്തിൽ മരം ഒരു ദുർലഭ വസ്തുവായിത്തീർന്നു. അതിൻെറ വില വർധിച്ചു. അപ്പോൾ കൂടുതൽ കൂടുതൽ ലാഭക്കൊതിയൻമാർ തടിവ്യവസായത്തിലേക്ക് നീങ്ങി. ഫലമോ, കാടുകൾ കൂടുതൽ കൂടുതൽ വേഗത്തിൽ അപ്രത്യക്ഷമാകാൻ തുടങ്ങി. എന്താണ് കാടില്ലാതായാൽ ഉണ്ടാകുന്ന ദോഷങ്ങൾ? നോക്കൂ.

1. സാധാരണക്കാരൻെറ വീട്ടാവശ്യങ്ങൾക്കുവേണ്ട വിറകും വീടുനിർമാണത്തിനുവേണ്ട മുളയും കിട്ടാതാകുന്നു.
2. മൊത്തം മഴയുടെ അളവിൽ വലിയ വ്യത്യാസമൊന്നും വരില്ലെങ്കിലും അതിൻെറ താളക്രമം തെററുകയും കൃഷി പ്രയാസകരമാവുകയും ചെയ്യുന്നു.
3. മലപ്രദേശത്തെ മണ്ണുമുഴുവൻ കുത്തിയൊലിച്ച് താഴെ പാടങ്ങളിലും പുഴകളുടെ അടിത്തട്ടിലും നിക്ഷേപിക്കപ്പെടുന്നു.സൈന്ധവസംസ്കാരത്തിൻെറ അന്ത്യത്തിന് കാരണം ഇതാണ്.
4. പെയ്യുന്ന മഴവെള്ളം ഉടൻതന്നെ കുത്തിയൊലിച്ചുപോകയാൽ വർഷക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും തീക്ഷ്ണമായിത്തീരുന്നു.
5. ഉരുൾപൊട്ടലുകൾക്ക് കാരണമായിത്തീരുന്നു.
6. ഒരു ഹെക്ടാർ കാട് നഷ്ടപ്പെട്ടാൽ കൃഷിക്കും വൈദ്യുതിക്കും ആവശ്യമായ വെള്ളം നഷ്ടപ്പെടുന്നതിൻെറ

ഫലമായി പ്രതിവർഷം ചുരുങ്ങിയത് 20 000 രൂപയുടെയെങ്കിലും ഉൽപാദനനഷ്ടം ഉണ്ടാകുന്നു.

ഭൂമിക്കുമേലുള്ള സസ്യാവരണം നശിച്ചതിന്റെ ഫലമായാണ് അറേബ്യൻ മരുഭൂമിയും സഹാറാ മരുഭൂമിയും, രാജസ്ഥാൻ മരുഭൂമിയുമൊക്കെ ഉണ്ടായിട്ടുള്ളത്. ലോകത്തുള്ള എല്ലാ മരങ്ങളും വെട്ടിയാലും കുറെ മനുഷ്യർക്കും ജന്തുക്കൾക്കും ജീവിക്കാൻ പററുമായിരിക്കാം. പക്ഷെ ഇന്നത്തെ ലോകജനസംഖ്യയുടെ നാലിലൊന്നുപേർക്കുപോലും ആവശ്യമായ ഭക്ഷണമുണ്ടാക്കാൻ പററില്ല. കോടിക്കണക്കിനാളുകൾ മരിക്കേണ്ടിവരും. ഇന്നത്തെ കുറച്ചുപേരുടെ അതിദുരകാരണം, പെട്ടന്ന് കാശുണ്ടാക്കാനുള്ള മോഹം കാരണം.

കാട്ടിലെ മരം കട്ടുകൊണ്ടുപോകുന്നവനാണ് ഇന്ന് മനുഷ്യസമൂഹത്തിന്റെ ഏററവും കടുത്ത ശത്രുക്കളിൽ ഒരാൾ. മാനവസമൂഹമാണ് ഇതിലെ കുട്ടി. കാടാണ് മരം. പരശുവിനെ സ്വതന്ത്രമായി വിട്ടാൽ എന്തു സംഭവിക്കുമെന്നാണ് ഈ സംഗീതശിൽപം കാണിക്കുന്നത്.

★★★

ഏകലവ്യന്റെ പെരുവിരൽ

ശാസ്ത്രം പ്രവർത്തനമാണ്. അറിവ് പ്രവർത്തനമാണ്. ഇത് നാം സ്കൂളിൽ പഠിക്കുന്ന കാര്യമാണ്. പ്രാകൃത മനുഷ്യൻ കല്ലുകൾകൊണ്ടും എല്ലുകൾകൊണ്ടും ആയുധമുണ്ടാക്കി. ഈ പ്രവർത്തനം അവന് പദാർഥങ്ങളുടെ ഉറപ്പ്, കാഠിന്യം, മൃദുത്വം, ഭംഗുരത തുടങ്ങിയ ഗുണങ്ങൾ മനസ്സിലാക്കിക്കൊടുത്തു.

ഫലമൂലാദികളുടെ സംഭരണപ്രവർത്തനം സസ്യങ്ങളുടെ വളർച്ച, പ്രജനനം തുടങ്ങിയവയെപ്പറ്റിയുള്ള അറിവ് നൽകി. ഇതാണ് സസ്യശാസ്ത്രത്തിനടിസ്ഥാനം.

വേട്ടയാടൽ ജന്തുക്കളുടെ ജനനം, വളർച്ച, പ്രജനനം, മരണം തുടങ്ങിയവയെപ്പറ്റി അറിവ് നൽകുന്നു. ജന്തുശാസ്ത്രം. പ്രകൃതിയെ രൂപാന്തരപ്പെടുത്താനുള്ള അധ്വാനമാണ് എല്ലാ അറിവിന്റെയും അടിസ്ഥാനം.

മനുഷ്യജാതിയുടെ പൂർവികരായ ആൾക്കുരങ്ങൻമാർ മരങ്ങളിൽനിന്ന് നിലത്തിറങ്ങി താമസിക്കാൻ തുടങ്ങി; നിവർന്ന് നിന്ന് രണ്ട് കാലിൻമേൽ നടക്കാൻ തുടങ്ങി; കൈകൾകൊണ്ട് ഉപകരണങ്ങൾ ഉപയോഗിക്കാനും ഉണ്ടാക്കാനും തുടങ്ങി. ഇത് അവന്റെ കൈയിന്റെ ഘടനയെത്തന്നെ സ്വാധീനിച്ചു. മനുഷ്യന്റെ പെരുവിരലിന് വാനരൻമാരുടെയും മറ്റു മൃഗങ്ങളുടെയും പെരുവിരലിനെ അപേക്ഷിച്ച് പല പ്രത്യേകതകളുണ്ട്. മറ്റു വിരലുകൾക്ക് ലംബമായ നില വട്ടത്തിൽ ചുഴറ്റാനുള്ള കഴിവ് തുടങ്ങിയവ. ഈ പെരുവിരലില്ലെങ്കിൽ മനുഷ്യൻ ഇന്നെടുക്കുന്ന തൊഴിലുകളുടെ ഒരു ശതമാനം പോലും നിർവഹിക്കാനാകുന്നതല്ല.

മഹാഭാരതത്തിൽ ഏകലവ്യന്റെ കഥയുണ്ട്. ശബരപുത്രനായ ഏകലവ്യന്റെ പെരുവിരൽ ഗുരുദക്ഷിണയായി ദ്രോണാചാര്യർആവശ്യപ്പെടുന്ന കഥ.അസ്ത്രവിദ്യയിലുള്ള കഴിവ് ഇല്ലാതാക്കുകയാണ് ലക്ഷ്യം. അധഃകൃതനായ വേടച്ചെക്കൻ രാജകുമാരൻമാരേക്കാരം വലിയ വില്ലാളിയാകയെന്നൊ? സമൂഹത്തിലെ മേലാളർ അധഃകൃതരോട് ഇന്നും ഇതേ നയമാണ് അനുവർത്തിക്കുന്നത്. ഏകലവ്യന്റെ പെരുവിരലിനെ ഒരു പ്രതീകമാക്കിക്കൊണ്ടാണ് അധ്വാനമാഹാത്മ്യം വിളിച്ചോതുന്ന ഈ കവിത തുടങ്ങുന്നത്.

I

നരേററർ: നാക്കിലയിൽ ചോരകുതിർന്നു കിടക്കുവതെന്തോ
വാക്കിന്നൂററം പേറുംമുമ്പെ
അരിയപ്പെട്ടൊരുനാക്കോ
കുലവില്ലിൻ ഞാണുപിടിച്ചു
തഴമ്പിച്ചൊരു വിരലോ
മലയും കാടും പെററുവളർത്തിയ മകന്റെ
പെരുവിരലോ

ഒന്നാ: പെരുവിരൽ
രണ്ടാ: പെരുവിരൽ
മൂന്നാ: പെരുവിരൽ
നാലാ: പെരുവിരൽ
അഞ്ചാ: പെരുവിരൽ

നരേററർ: വേടക്കരുമാടിക്കുട്ടന്റെ പെരുവിരൽ
കുരുഭൂവിൽ വിജയങ്ങരം കൊയ്യാൻ കരുനീക്കുന്ന
യുവരാജഗജങ്ങരംതൻ മദമസ്തക മധ്യത്തിൽ
ഒരുശരമുനതൻ കിടിലംപോലെയീപെരുവുരൽ

സംഘം: പെരുവിരൽ
നരേററർ: (ഉച്ചത്തിൽ:) പെരുവിരൽ

II

നരേററർ: മലകളിൽ മരക്കൊമ്പുകളിൽ
ഇരതേടി ഇണതേടി തകരപോൽ തഴച്ചമക്കാം
അറിവിൻെറ പൊരുളംതേടി കടതേടി
പെരുവിരലാലിറുകെപടിച്ചകല്ലുകളാലെ
മലയിറങ്ങി നമ്മുടെ പ്രപിതാമഹൻമാർ
സമതലങ്ങളം തന്നിൽ നിവർന്നുനടന്നു
ഇരുകയ്യുനിലത്തൂന്നി നടക്കേണ്ടെന്നായപ്പോഠം
പലതിനുമാക്കയ്യുകളവർ വിനിയോഗിച്ചു

III

കല്ലുകളും കല്ലുകളും തമ്മിൽ മുട്ടിതീകൂട്ടി
കല്ലുളിയും ചുററികയുംകൊണ്ട്
തീർത്തൊരായുധംകൊണ്ട്
കാട്ടുജീവികളെ വേട്ടയാടി ചുട്ടെടുത്തു.
കല്ലുളികഠം തീർത്തവൻെറ കയ്യിൽ
ശില്പകല വളർന്നൂ
കല്ലുളിക്കുപകരമവനിരിമ്പുകൂടം കയ്യിലേന്തി
പച്ചിരുമ്പുചുട്ടു പിഞ്ചുകാൽനിറം വരുത്തി
ഊക്കടിച്ചുവീണ്ടുമായിരുമ്പവൻകുറെ വളർത്തി

IV

ചുററികയുടെതാളം ഈ മർത്ത്യജീവിതത്താളം
ജീവിതത്തിൻതാളമവനുപാട്ടിൻെറ താളമായ്
പാട്ടിൻെറ താളമവന്ആട്ടത്തിൻ ചുവടുകളായ്

സംഘം: ഒഹെയ്....ഹൊഹൊയ്—ഓഹൊയ്....

നരേററർ: പെരുവിരൽകൊണ്ടെല്ലാംനേടി ഈ അതിമാനുഷൻ
പെരുവിരൽകൊണ്ടല്ലോ ചുററികയേന്തുന്നതിവൻ
പെരുവിരൽകൊണ്ടല്ലോ ചരിത്രത്തിൽഗതിയെ
നീക്കുന്നതിവൻ

വാരംപിടിയിൽ മുറുകുന്നത് പെരുവിരൽ
നിറതോക്കുപിടിക്കുന്നതുപെരുവിരൽ
മുറിവിൽമരുന്നുരയ്ക്കുവാൻ
കുഴപിടിക്കുന്നതും പെരുവിരൽ
കലയും ഈ പ്രപഞ്ചത്തിനറിവും
അറിവുകളുടെ അടിവേരും പെരുവിരൽ

VI

എന്നിട്ടും വീണ്ടുപിടയുന്നു
ചക്രങ്ങരംക്കിടയിൽ ഈ പെരുവിരൽ
പൊടിയുന്നു, ചോരയും വിയർപ്പിററും ലോകവും
അരിയപ്പെട്ടിന്നും നാക്കിലയിൽവീണ്ടുപിടയുന്നു,
പണിയന്റെ പെരുവിരൽ
പുലയന്റെ പെരുവിൽ
മനുഷ്യന്റെ പെരുവിരൽ
പെരുവിരൽ

I

ഗുരുദക്ഷിണക്കായി ഏകലവ്യന്റെ പെരുവിരൽ മുറിച്ചുവാങ്ങുന്നു. ഉന്നതകുലജാതരായ രാജകുമാരൻമാരെക്കാരം വലിയൊരു വില്ലാളി ഹീനകുലജാതരിൽ ഉണ്ടാവുകയോ? ഏകലവ്യന്റെ കഴിവിന്റെ മുമ്പിൽ ദുരഭിമാനികളായ അർജുനപ്രഭൃതികരം കിടിലം കൊണ്ടു. ഇന്നും ഉള്ളവർ ഇല്ലാത്തവരെ, വരേണ്യർ സമൂഹത്തിൽ അടിത്തട്ടിൽ കിടക്കുന്നവരെ നോക്കുന്നതിങ്ങനെയാണ്. അവരുടെ കൂട്ടത്തിൽ നിന്ന് ഒരാരം ഉയർന്നുവരുന്നത് സഹിക്കാൻ പററില്ല.

II

കൈകൊണ്ട് കല്ലുകരം ഇറുകി പിടിക്കാനും അതുപയോഗിച്ച് കിഴങ്ങുകരം പറിക്കാനും വാനരൻമാർ പഠിച്ചു.

രണ്ടുകാലിൻമേൽ നിവർന്നുനടക്കാൻ തുടങ്ങിയതോടെ അവൻെറ കൈകഠം സ്വാതന്ത്രമായി. ആ കൈകഠം കൊണ്ട് പലതും ചെയ്യാമെന്ന് വന്നു.

III

കല്ലുകഠം തമ്മിൽ കൂട്ടിയടിച്ച് തീ ഉണ്ടാക്കാൻ പഠിച്ചു. കല്ലുകഠം കൊണ്ട് ഉളിയും ചുററികയും കത്തിയും അരിവാളും മഴുവും കുന്തവും ഒക്കെ ഉണ്ടാക്കി. വേട്ടയിൽ കൂടുതൽ സമർത്ഥനായി. പിന്നെ കൃഷി കണ്ടുപിടിച്ചു. ലോഹങ്ങഠം കൊണ്ട് ആയുധങ്ങളുണ്ടാക്കാൻ തുടങ്ങി. ശാസ്ത്രവും സാങ്കേതിക വിദ്യകളും വളർന്നു.

IV

മനുഷ്യൻെറ ആദ്യത്തെ നൃത്തങ്ങഠം വേട്ടക്കൊരുങ്ങുമ്പോഴത്തെ തയ്യാറെടുപ്പുനൃത്തങ്ങളായിരുന്നു. ആദ്യത്തെ താളങ്ങഠം കൽച്ചുററികയുടെ താളവും. അധ്വാനത്തിൽ നിന്നാണ് സകലമാനകലകളും ഉരുത്തിരിഞ്ഞത്.

V

എന്തും ചെയ്യുന്നത്, യുദ്ധം ചെയ്യാൻ തോക്കും വാളും പിടിക്കുന്നതും, മരുന്നരക്കാൻ കുഴപിടിക്കുന്നതും, വർക്ക് ഷോപ്പിലും ഗവേഷണശാലകളിലും ഉപകരണങ്ങഠം ഉപയോഗിക്കുന്നതും എല്ലാം എല്ലാം മനുഷ്യൻെറ കൈകളാണ്, പെരുവിരലാണ്.

VI

എന്നാൽ ഇന്ന് അധ്വാനിക്കുന്നവൻ പട്ടിണികിടക്കുന്നു. സമ്പത്തായ സമ്പത്തെല്ലാം ഉണ്ടാക്കിയവൻ ദാരിദ്ര്യത്തിൻെറ പടുകുഴിയിൽ കിടന്നുപിടയുന്നു. അതിനെതിരായി അവൻ പ്രതിഷേധിച്ചാൽ കയ്യല്ല, തലപോലും അരിഞ്ഞിടുന്നു.

വാനരനിൽനിന്ന് മനുഷ്യനിലേക്കുള്ള പരിണാമം കയ്യിനെ സ്വതന്ത്രമാക്കിയെങ്കിലും പെരുവിരലിനെ രൂപപ്പെടുത്തിയെങ്കിലും ആ സ്വാതന്ത്ര്യം പൂർണമായിട്ടില്ല. എല്ലാമനുഷ്യരും അധ്വാനിക്കുന്ന, എല്ലാവർക്കും തങ്ങളുടെ അധ്വാനത്തിനനുസരിച്ച് ലഭിക്കുന്ന, മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യാത്ത ഒരു സമൂഹത്തിലെ പെരുവിരൽ പൂർണമായ മഹത്വത്തെ പ്രാപിക്കൂ.

★★★

ഈഘയീകചൽടു എംസീസ്കചയർ

മിന്നും മിന്നും താരകമേ
നിന്നൊളിയെന്തെന്നാരറിവൂ
ഭൂവിൽ നിന്നതിദൂരത്തായ്
വൈരം പോലീ മാനത്ത്

എന്നൊളിതൻെറ പൊരുളോതാം
പൊന്നിയാ ചെവി തന്നാലും
പ്ലാസ്മാരൂപം എന്നുദരം
പ്രോട്ടോണല്ലോ അത് നിറയെ

എന്തെന്നറിയാ മർദത്തിൽ
ഭീകരമാകിന ചൂടേററ്
നന്നാലെണ്ണം കൂടിച്ചേർന്ന്
ആൽഫാകണമായ് തീരുന്നു.

അതിന്നിടക്ക് കാണാതായ്
കുറച്ചുദ്രവ്യം എവിടെപ്പോയ്?
എവിടെപ്പോയ്?
അതോ,
ഐൻസ്റൈറനെന്നൊരു ശാസ്ത്രജ്ഞൻ
പണ്ടുപറഞ്ഞു ഈ സൂത്രം.
എന്ത് സൂത്രം?
"ഈഘയീകചൽ ടു എം സീ സ്കചയർ
എന്നൊളി തൻെറ പൊരുളല്ലോ".

ഭൂവിൽനിന്നതിദൂരത്ത്
വൈരം പോലീ മാനത്ത്
മിന്നും മിന്നും താരകമേ
നിന്നൊളിയെന്തെന്നറിവൂ ഞാൻ.

സൂര്യനിലും നക്ഷത്രങ്ങളിലും ഉണ്ടാകുന്ന ഊർജത്തിന്റെ ഉറവിടത്തെ വ്യക്തമാക്കുന്ന ഒരു ലഘുഗീതമാണിത്. പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന ആൽബർട്ട് ഐൻസ്റ്റൈനാണ് ഖര-ദ്രാവക-വാതകരൂപത്തിലുള്ള ദ്രവ്യത്തെ താപ-പ്രകാശാദി രൂപത്തിലുള്ള ഊർജമാക്കിയും തിരിച്ചും മാററാമെന്ന് ആദ്യമായി അഭിപ്രായപ്പെട്ടത്. ഒരു ഗ്രാം ദ്രവ്യത്തെ ഊർജമാക്കി മാററിയാൽ എന്ത് കിട്ടും എന്ന് കുറിക്കുന്ന സമീകരമാണ് $E=mc^2$ എന്നത്. ഇതിനെ "ഇരുപതാംനൂററാണ്ടിന്റെ സമീകരണം" എന്നു പറയുന്നു. ആററം ബോമ്പും ഹൈഡ്രജൻ ബോമ്പും അണുറിയാക്ടറുകളും എല്ലാം പ്രവർത്തിക്കുന്നത് ഈ തത്വത്തിൻമേലാണ്.

സൂര്യനിലും നക്ഷത്രങ്ങളിലും ഒക്കെ ഏററവും അധികം ഉള്ള മൂലകം ഹൈഡ്രജനാണ്. അതിന്റെ അണുവിന്റെ കേന്ദ്രത്തിൽ ഒരു പ്രോട്ടോൺ മാത്രമാണുള്ളത്. നക്ഷത്രങ്ങളിലെ ഉന്നത താപത്തിൽ—ലക്ഷക്കണെക്കിന്ഡിഗ്രി സെൽഷിയസ്—ഇലക്ട്രോണും പ്രോട്ടോണും വേർപ്പെടുന്നു. അവിടെ സ്വതന്ത്ര ഇലക്ട്രോണുകളുടെയും പ്രോട്ടോണുകളുടെയും ഒരു മിശ്രിതം ലഭ്യമാകുന്നു. ഇതിനാണ് 'പ്ലാസ്മ' എന്നു പറയുന്നത്. താഴ്ന്ന താപനിലയിൽ ഇത് ഉണ്ടാകില്ല. 4 പ്രോട്ടോണുകൾ കൂടിച്ചേരുമ്പോൾ ഹീലിയം എന്ന മൂലകത്തിന്റെ അണുകേന്ദ്രം ഉണ്ടാകുന്നു. ഇതിന് ആൽഫാകണമെന്ന് പേർ. അങ്ങനെ സംയോജിക്കുമ്പോൾ ഉണ്ടാകുന്ന ആൽഫാകണത്തിന്റെ ദ്രവ്യമാനം തുടക്കത്തിൽ ഉണ്ടായിരുന്ന 4 പ്രോട്ടോണുകളുടെ മൊത്തം ദ്രവ്യമാനത്തെക്കാൾകുറച്ച് കുറവായിരിക്കും. കുറച്ചുദ്രവ്യം എവിടെയോ പോയിരി

ക്കുന്നു! ഈ അപ്രത്യക്ഷമായ ദ്രവ്യമാണ് ഊർജമായി, താപവും വെളിച്ചവും ഒക്കെ ആയി പ്രത്യക്ഷപ്പെടുന്നത്.

ഇത് തന്നെയാണ് ഹൈഡ്രജൻ ബോമ്പിന്റെ തത്വവും. പക്ഷെ അതിൽ തുടക്കത്തിൽ ഉയർന്ന താപവും മർദവും ലഭ്യമാക്കാൻ ഒരു ആററം ബോമ്പ് പൊട്ടിക്കുന്നു.

★★★

ആററം

ആററം ആററം!

അമ്പോ നിൻെറ ഊററം
അഖില ചരാചര വസ്തുവിനും
അടിസ്ഥാനം നീയെന്നോ!
അവിഭാജ്യമെന്നോർത്തു ഞങ്ങൾ
ആദിയിൽ നിൻെറ ശരീരം
തോംസണും റൂഥർഫോർഡും
നിൻെറ രഹസ്യങ്ങൾ ചോർത്തിയെടുത്തു
ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ
നിൻെറ അംഗങ്ങൾ അവയെന്ന് വെളിപ്പെടുത്തി
നിൻെറ അംഗങ്ങൾ അവയെന്ന് വെളിപ്പെടുത്തി
(ആററം, ആററം.........)

എത്രയും സൂക്ഷ്മമെന്നാലും നിന്നിൽ
എന്തെന്തു ചലനവിശേഷം!
ഇലക്ട്രോണിൻ നെട്ടോട്ടം—കപാണ്ടച്ചാട്ടം
നിൻ കേന്ദ്രത്തിൻ പുറത്തുള്ള നീക്കം
മീസോണിൻ കൈമാററം
ന്യൂട്രോണിൻ കൂറുമാററം
പ്രോട്ടോണിൻ കാലുമാററം
അങ്ങനെ പല പല മാററങ്ങൾ
(ആററം, ആററം.......)

വിഭജിച്ചാലുടനുദ്ഗമിക്കും
അപാര ശക്തി വിശേഷം
സൃഷ്ടി, സ്ഥിതി, സംഹാരശക്തി

ഊർജ പ്രവാഹശക്തി
ആ ശക്തി സംഭരിച്ചിന്നും മനുഷ്യർ
ഹിറോഷിമകാം തീർക്കുന്നു.
ആ ശക്തി സംഭരിച്ചിന്നും മനുഷ്യർ
സാമ്രാജ്യങ്ങരാം ചമയ്ക്കുന്നു.
(ആററം, ആററം........)

നാം ചുററും കാണുന്ന എല്ലാ വസ്തുക്കളും അതി സൂക്ഷ്മങ്ങളായ പരമാണുക്കളാൽ നിർമിതമാണെന്ന ഊഹത്തിന് രണ്ടായിരത്തിലധികം കൊല്ലം പഴക്കമുണ്ട്. ഭാരതത്തിൽ കണാദമുനിയും ഗ്രീസിൽ ലൂസിപ്പസ്, ഡെമോക്രിത്തസ് തുടങ്ങിയവരും അങ്ങനെ പറഞ്ഞിരുന്നു. പക്ഷെ, അന്ന് അവർക്കതു് തെളിയിക്കാൻ ഒരു മാർഗവും ഉണ്ടായിരുന്നില്ല. ആററത്തിൻെറ—അണുവിൻെറ—ഘടന മനസിലാക്കാൻ കഴിഞ്ഞതു് ഏതാണ്ട് ഒരു നൂററാണ്ടിനുള്ളിലാണ്. തോംസൺ ഇലക്ട്രോൺ കണ്ടുപിടിച്ചതു്, ഹെൻറി ബക്കറൽ റേഡിയോആക്തിവത കണ്ടുപിടിച്ചതു്. റൂഥർഫോർഡ് അണുകേന്ദ്രത്തിൻെറ അസ്തിത്വം തെളിയിച്ചതു്, ചാഡ്വിക് ന്യൂട്രോൺ കണ്ടുപിടിച്ചതു്-ഇതെല്ലാം കഴിഞ്ഞിട്ട് 50-60 കൊല്ലമേ ആയുള്ളു.

ഇലക്ട്രോണുകാം അണുകേന്ദ്രത്തിനുചുററും ഓടുന്നു. നെട്ടോട്ടംതന്നെ. വിവിധ നിർദിഷ്ടപഥങ്ങളിലാണ് ഈ ഓട്ടം നടത്തുന്നതു്. ചിലപ്പോരാ ഒരിലക്ട്രോൺ ഒരു പഥത്തിൽനിന്ന് മറെറാരു പഥത്തിലേക്ക് ഒരു 'ക്വാണ്ടച്ചാട്ടം' ചാടുന്നു (ക്വാണ്ടം എന്നുപറഞ്ഞാൽ നിശ്ചിതമായ അളവിലുള്ള ഒരു പാക്കററ് എന്നാണർഥം) ഒരു നിശ്ചിത അളവിലുള്ള ഊർജക്വാണ്ടം പുറത്തുവരുന്നു. അണുവിൻെറ കേന്ദ്രത്തിലാകട്ടെ പ്രോട്ടോണുകളും ന്യൂട്രോണുകളുമാണുള്ളതു്. തമ്മിൽ തമ്മിൽ ശക്തിയായി വികർഷിക്കുന്ന പ്രോട്ടോണുകളെ സവിശേഷമായ അണുകേന്ദ്രബലം കൂട്ടിപ്പിടിച്ചു നിർത്തുന്നു. പ്രോട്ടോണുകളും ന്യൂട്രോണുകളും തമ്മിൽ

തുടർച്ചയായി നടക്കുന്ന ഊർജകൈമാററങ്ങളാണ്—മീസോണുകളുടെ രൂപത്തിലാണത്രെ ഈ കൈമാററം നടക്കുന്നത്—ഈ കെട്ടുബലം നൽകുന്നത്. ധാരാളമായി പരസ്പരം കടമിടപാടുകൾ നടത്തുന്ന ആളുകളുടെ ഒരു കൂട്ടത്തിൽനിന്ന് ഒരാൾക്ക് തെന്നിപ്പോകാൻ വിഷമമാണ്. അയാൾക്ക് കടം കൊടുക്കുന്നവരെല്ലാം അയാളെ പിടിച്ചുനിർത്തും. അയാൾ കടം കൊടുത്തിട്ടുണ്ടെങ്കിൽ കൊടുത്തത് തിരികെക്കിട്ടാതെ പോകാൻ പററില്ല—അണുകേന്ദ്രം സ്വയമേവ പിളരാതെ നിൽക്കുന്നതിന് ഇത്തരത്തിലുള്ള ഒരു വ്യാഖ്യാനം കൊടുക്കാറുണ്ട്.

ഈ അണുകേന്ദ്രത്തിൽ പുറമേനിന്ന് ഒരു ന്യൂട്രോൺ പ്രവേശിച്ചാൽ സംഗതി ആകെ കുഴപ്പമായി. ചിലപ്പോൾ കുഴപ്പം ശമിച്ച് വരത്തനെ കൂട്ടത്തിൽ കൂട്ടിയെന്നുവരും. ചിലപ്പോൾ ആകെ പിളർന്നെന്നുവരും. അണുബോമ്പിൻെറയും അണുറിയാക്ടറിൻെറയും പ്രവർത്തനതത്വം യുറേനിയം, പ്ലൂട്ടോണിയം എന്നീ മൂലകങ്ങളുടെ അണുക്കളുടെ കേന്ദ്രത്തിലേക്ക് ന്യൂട്രോണുകളെ കടത്തിവിട്ട് അവയെ പിളർക്കുക എന്നതാണ്.

ജപ്പാനിലെ നാഗസാക്കി, ഹിരോഷിമ എന്നീ നഗരങ്ങൾ ചാമ്പലാക്കിക്കൊണ്ടാണ് അണുശക്തി ആദ്യമായി ലോകർക്കുമുമ്പിൽ പ്രത്യക്ഷപ്പെട്ടത്. പിന്നീട് വൈദ്യുതോർജം ഉണ്ടാക്കൽ, ചികിത്സ തുടങ്ങിയ പല ഉപയോഗങ്ങളും കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇന്നും അണുശക്തി സംഹാരരൂപിണിയായി, സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുന്നവരുടെ ചൊൽപ്പടിയിലുള്ള ഭീകരശക്തിയായി ആണ് ലോകമനസ്സാക്ഷിക്കു മുമ്പിൽ നിലകൊള്ളുന്നത്.

രാജ്യങ്ങൾ തമ്മിൽ തമ്മിൽ യുദ്ധം ആവശ്യമാക്കുന്ന തരത്തിലുള്ള സാമ്പത്തിക-സാമൂഹ്യവ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം ആററത്തിൻെറ സംഹാരാത്മക മുഖമായിരിക്കും മുന്നിൽ നിൽക്കുന്നത്.

★★★

ഹേ പ്രപഞ്ചമേ

മനുഷ്യൻ മനുഷ്യനായതുമുതൽ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയിട്ടുണ്ട്. പല ചോദ്യങ്ങൾക്കും അന്ന് ഉത്തരമുണ്ടായിരുന്നില്ല. എങ്ങനെ ദിനരാത്രങ്ങൾ ഉണ്ടാകുന്നു? എങ്ങനെ ഇടിയും മഴയും ഉണ്ടാകുന്നു? എങ്ങനെ ഗ്രഹണങ്ങൾ ഉണ്ടാകുന്നു? എങ്ങനെ തീയുണ്ടാകുന്നു? എന്താണ് ജനനം, വാർധക്യം, മരണം മുതലായവ? എവിടെനിന്നാണ് നാം വരുന്നത്? മരിച്ചാൽ എങ്ങോട്ടാണ്, പോകുന്നത്? എന്താണ് ജീവൻ? നൂറുനൂറായിരം ചോദ്യങ്ങൾ. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്കൊക്കെ മനുഷ്യൻ ഒററയുത്തരം നൽകി: ഈശ്വരൻ. പണ്ടുകാലത്ത് ചോദിച്ച പല ചോദ്യങ്ങൾക്കും പിൽക്കാലത്ത് ഉത്തരം ലഭിക്കയുണ്ടായിട്ടുണ്ട്. എന്നാൽ അതിലേറെ പുത്തൻ ചോദ്യങ്ങൾ ഉയർന്നുവന്നിട്ടുമുണ്ട്. വീണ്ടും, ഉത്തരം കിട്ടിയേ നിവൃത്തിയുള്ളു എന്ന കൂട്ടർ, പഴയ ഉത്തരംതന്നെ സ്വീകരിച്ചു. പേരുകൾ പലതായിരുന്നെന്നുമാത്രം.

ഇന്ന് പരമാണുവിൻെറ രഹസ്യങ്ങൾ തേടിപ്പോയ മനുഷ്യൻ അമ്പരപ്പിക്കുന്ന കാഴ്ചകളാണ് കണുന്നത്. ഈ അമ്പരപ്പിൽനിന്നാണ് ഈ കവിത തുടങ്ങുന്നത്. ആധുനിക ഭൗതികം ഏതാണ്ട് തത്വശാസ്ത്രമായിത്തീർന്നിരിക്കുന്നു എന്ന് ചിലർക്ക് അഭിപ്രായമുണ്ട്. പ്രകാശത്തിൻെറ സ്വഭാവമാണ് ഈ പ്രക്രിയക്ക് തുടക്കം കുറിച്ച ഒരു പ്രധാനഹേതു. ചില സന്ദർഭങ്ങളിൽ അത് കണികകളുടെ ഒരു പ്രവാഹമെന്നോണം പെരുമാറുന്നു. മററ് ചില സന്ദർഭങ്ങളിൽ അത് തരംഗങ്ങളെപ്പോലെ പെരുമാറുന്നു. സുപ്രസിദ്ധ

ശാസ്ത്രജ്ഞൻമാരായ ക്രിസ്ത്യൻ ഹൊയ്ജിൻസും ഐസക്ന്യൂട്ടണും തമ്മിലും പിന്നീട് അവരോരുത്തരുടെയും അനുയായികൾ തമ്മിലും രണ്ട് നൂററാണ്ടിലധികം നീണ്ടുനിന്ന തർക്കത്തിന് മാക്സ്പ്ലാങ്കിൻെറ ക്വാണ്ടംസിദ്ധാന്തത്തോടെയാണ് താൽക്കാലികപരിഹാരം ലഭിച്ചത്.

ഗായകൻ: ഹേ പ്രപഞ്ചമേ
നീ മായയാണോ....
ഖരമോ ദ്രവമോ നീ വാതകമോ
പ്ലാസ്മയോ പിന്നെ തേജസ്സോ നീ
ഇരുളോ വെളിച്ചമോ....
ചൂടോ തണുപ്പോ നീ
ഇരുളോ വെളിച്ചമോ....
(കോറസ് ഏററുപാടുന്നു)

ഗായ: ഹേ പ്രപഞ്ചമേ
കോറസ്: നീ മായയാണോ ...
ഗായ: തൻമാത്രയിലെ അണുക്കളോ
അണുവിന്നുള്ളിലെ കണങ്ങളോ (കോറസ്)
കണങ്ങൾ തൻ ചലനമോ
ചലനത്തിൻ ഊർജമോ (കോറസ്)
ഊർജത്തിൻ കണമോ നീ
കണങ്ങൾ തൻ തരംഗമോ (കോറസ്)
കണങ്ങൾ തൻ തരംഗമോ
എന്തുനീ പ്രപഞ്ചമേ (കോറസ്)
ഗായ: ഹേ പ്രപഞ്ചമേ....
കോറ: നീ മായയാണോ....

II

ഗായ: കാലത്തിൻ വേലയോ നീ
മാനത്തിൻ വേഷമോ നീ (കോറസ്)
മായയെന്നോ നിൻ പേർ
എവിടെ നീ

കോറ:	പറയാൻ വിഷമം
ഗായ:	എങ്ങുപോകുന്നുനീ
കോറ:	പറയാൻ വിഷമം
ഗായ:	അനിശ്ചിതത്വമെന്നോ നിൻ പേർ
കോറ:	പറയാൻ വിഷമം
ഗായ:	നിന്നെ സൃഷ്ടിച്ചതാര്
	ആ സ്രഷ്ട്രാവിൻ സ്രഷ്ടാവേത്? (കോറസ്)
	നിൻ തുടക്കമെന്ത്?
	നിൻ അന്ത്യമെന്ത് (കോറസ്)
ഗായ:	അജ്ഞേയയോ നീ
	അപ്രാപ്യയോ നീ (കോറസ്)
	ഇല്ലായ്മയോ വെറും
	ഇല്ലായ്മയോ (കോറസ്)
കോറസ്:	ഹേ പ്രപഞ്ചമേ
	നീ മായയാണോ....

III

ഗായ:	കണ്ണടച്ചിരുട്ടാക്കും മനുഷ്യാ
	നിൻ വയററിലെ തീയാണു ഞാൻ
	നിൻ സിരയിലെ വികാരവും
	നിൻ മനസ്സിലെ മോഹങ്ങളും
	നിൻ ഉടലിലെ വേദനയും
	നിൻ വയറും മനസ്സും ഉടലും സിരയും
	എല്ലാമെല്ലാം ഞാനാണ്
	നീയെൻെറ ഒരു ഭാഗം മാത്രം
	നിൻ ബുദ്ധിയെൻ ചലനവിശേഷം
	ആത്മാവ് ബുദ്ധിവിശേഷം
	അനാദ്യന്തദ്രവ്യരൂപ പ്രപഞ്ചം ഞാൻ
	നാനാരൂപപ്രപഞ്ചം ഞാൻ

(ഓരോ വരിയും കോറസ് ഏററുപാടുന്നു)

കോറസ്:	സ്ഥലകാലദ്രവ്യ രൂപപ്രപഞ്ചം ഞാൻ

IV

ഗായ: എൻ ഉത്തമ രൂപമാം മനുഷ്യാ നീ
കണ്ണടച്ചിരുട്ടാക്കാതെ
കർമം ചെയ്യുക മനുഷ്യാ നീ
ജ്ഞാനംനേടുക മനുഷ്യാ നീ
സ്വതന്ത്രനാവുക മനുഷ്യാ നീ
(ഓരോ വരിയും കോറസ് ഏററുപാടുന്നു)

I

ചുററും കാണുന്ന പ്രപഞ്ചത്തിൻെറ സ്വഭാവത്തെപ്പററിയുള്ള ചോദ്യങ്ങളാണ് ഇതിൽ ഉന്നയിക്കപ്പെടുന്നത്. നേരത്തെപറഞ്ഞതുപോലെ ചില ശാസ്ത്രജ്ഞൻമാർപോലും നമ്മുടെ അറിവ് യഥാർഥമാണോ മിഥ്യയാണോ എന്ന് സംശയിക്കാൻ തുടങ്ങിയിട്ടുണ്ട്. പുരാതന ഭാരതീയദാർശനികരും ആധുനിക ഭൗതികശാസ്ത്രജ്ഞരും എന്തെന്തുതരം ഉത്തരങ്ങളാണ് ഈ ചോദ്യത്തിന് കൊടുത്തിട്ടുള്ളതെന്ന് അടുത്തതായി പറയുന്നു.

II

ചില ഭാരതീയദാർശനികർ പറഞ്ഞു, പ്രപഞ്ചമെന്നത് കാലത്തിൻെറ സൃഷ്ടിയാണ് എന്ന്. മററു ചിലർ പറഞ്ഞു, സ്ഥലത്തിൻെറ രൂപാന്തരമാണ് പ്രപഞ്ചം എന്ന്. ഇനിയും ചിലർ പറഞ്ഞു പ്രപഞ്ചം വെറും തോന്നലാണെന്ന്.

പ്രശസ്ത ഭൗതികജ്ഞനായ ഹൈസൻബർഗ് പറഞ്ഞു ഇലക്ട്രോൺ, പ്രോട്ടോൺ തുടങ്ങിയ ദ്രവ്യത്തിൻെറ മൗലികകണങ്ങൾ എവിടെയാണെന്നോ,എങ്ങോട്ടു പോകുന്നെന്നോ കൃത്യമായി തിട്ടപ്പെടുത്താൻ പററില്ലെന്ന്. ഇത് അനിശ്ചിതത്വതത്വംഎന്നപേരിൽ അറിയപ്പെടുന്നു.

പ്രപഞ്ചത്തെ ആരെങ്കിലും സൃഷ്ടിച്ചതാണെന്നു പറയാൻ പററില്ല. അതിന് തുടക്കമില്ല. അന്ത്യവുമില്ല. എന്നിട്ടും

മനുഷ്യർ തുടക്കത്തെയും അന്ത്യത്തെയും തേടുന്നു. പ്രപഞ്ചം അനന്തമാണെങ്കിൽ അജ്ഞേയവുമാണെന്ന് ചിലർ വാദിക്കുന്നു. ഇതെല്ലാം ശുദ്ധ അസംബന്ധമാണ്.

III

മനുഷ്യൻ സ്വയി കണ്ണടച്ചിരുട്ടാക്കുകയാണ്. നമ്മുടെ ശരീരം യഥാർത്ഥമാണ്. നമ്മുടെ വിശപ്പും വേദനയും വികാരങ്ങളും എല്ലാം യഥാർത്ഥമാണ്. ഇതെല്ലാം തന്നെ ഖരദ്രാവക വാതകരൂപത്തിലുള്ള ദ്രവ്യത്തിന്റെ സവിശേഷമായ സംഘാടനത്തിൽനിന്ന് ഉദ്ഭവിക്കുന്ന ഗുണധർമ്മങ്ങളാണ്. മനുഷ്യന്റെ ബുദ്ധി തലച്ചോറാകുന്ന ദ്രവ്യത്തിന്റെ ചലനത്തിൽ നിന്നാണുണ്ടാകുന്നത്, ആത്മാവ് ബുദ്ധിയിൽ നിന്നും. സ്ഥലകാലദ്രവ്യരൂപത്തിലുള്ള പ്രപഞ്ചത്തിന്റെ വിവിധരൂപങ്ങളാണ് ജീവനുള്ളതും ഇല്ലാത്തതുമായ പദാർത്ഥങ്ങൾ.

IV

ഈ പദാർത്ഥത്തിന്റെ നാമറിയുന്നിടത്തോളം, ഏററവും ഉയർന്ന രൂപമാണ് മനുഷ്യൻ. കർമത്തിൽകൂടെ, പ്രകൃതിയെ രൂപാന്തരപ്പെടുത്തുന്നതിനുള്ള പ്രവർത്തനത്തിലൂടെ ആണ് അവൻ എല്ലാ അറിവും നേടിയിട്ടുള്ളത്. നേടിയ ഓരോ അറിവും അജ്ഞാനത്തിന്റെ ബന്ധനത്തിൽ നിന്ന് അവനെ സ്വതന്ത്രനാക്കുന്നു. മായയെന്നും അജ്ഞേയമെന്നും ഉരുവിട്ട് നടക്കാതെ 'ശാസ്ത്രം പ്രവർത്തനമാകുന്ന' എന്ന തത്വം മനസിലാക്കി പ്രവർത്തിക്കുക, അറിവുനേടുക, സ്വതന്ത്രനാകുക.

★★★

നല്ലനാളെ

കണ്ണുകളിൽ വിജ്ഞാനത്തിൻ ഒളിചിന്നും ദീപവുമായ്
ഇതുവരെ കാണാത്തൊരു മനുഷ്യജാതി
ആത്മാവിങ്കൽ സ്വാതന്ത്ര്യത്തിൻ അഗ്നിനാളം ജ്വലിപ്പിച്ച്
ഉയരുന്നു പുതിയൊരു മനുഷ്യജാതി
ഭൂമിയിലും കടലിലും ആകാശത്തുമഗ്നിയിലും
മനുഷ്യൻെറയധീശത്വമുറപ്പിക്കുന്നോർ
സൗമ്യശീലർ ധീരരവർ ശക്തിയെഴും ബാഹുവുള്ളോർ
ചിന്തുകില്ല ഒരുതുള്ളി രക്തമവരും
സ്വന്തംവീട്ടിൽ ലളിതമായ് ജീവിപ്പവർ അതിപൂജ്യർ
ബഹുജനമധ്യത്തിങ്കൽ മാതൃക കാട്ടും
നാട്ടിലാകെ നിറയ്ക്കുന്നു ആഹ്ലാദത്തിൻ തിരതല്ലൽ
കളകളം മനുഷ്യൻെറ മഹത്വം പാടി
കുമ്മിയടിയടി കുമ്മിയടി ശാശ്വതശാന്തിതൻ കുമ്മിയടി
തോക്കുകൾ ബോമ്പുകൾ താഴെയിടൂ
മാനുഷരെല്ലാരും സോദരൻമാർ
എല്ലാമനസ്സിലും വിടർന്നിടട്ടെ മാനവസ്നേഹത്തിൻ
പൂത്തിരികൾ
കുമ്മിയടിയടി കുമ്മിയടി ശാശ്വതശാന്തിതൻ കുമ്മിയടി
പുത്തൻ കലകൾ വളർന്നിടട്ടെ മാനവശബ്ദം മുഴങ്ങിടട്ടെ
ഭൂലോകം സ്വർഗമായ് മാറിടട്ടെ ജീവിതം ഗാനമായ്
തീർന്നിടട്ടെ
കുമ്മിയടിയടി കുമ്മിയടി ശാശ്വതശാന്തിതൻ കുമ്മിയടി

യുദ്ധമില്ലാത്ത ആ നല്ല നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങളാണിതിൽ. മൽസരവും സ്വാർത്ഥവുംമനുഷ്യരടക്കമുള്ളഎല്ലാജീവികളുടെയും സഹജ സ്വഭാവമാണെന്ന് വാദിക്കുന്നവരുണ്ട്. ഇത് അങ്ങനെ അല്ലെന്നും, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത,എല്ലാമനുഷ്യർക്കും അധ്വാനിക്കാനും ജീവിക്കാനും അവസരം നൽകുന്ന ഒരു സാമൂഹ്യ വ്യവസ്ഥയിൽ മനുഷ്യനിൽ പുതിയ സ്വഭാവങ്ങൾ രൂപപ്പെടുമെന്നും നമുക്കറിയാം. ഒരു പുതിയ സമൂഹം അങ്ങനെ ഉയർന്നുവരുന്നതായിരിക്കും. അറിവിൻെറ പുതിയ ചക്രവാളങ്ങൾ തേടുന്നതിനുള്ള അദമ്യമായ ത്വരയുള്ള മനുഷ്യർ. സൗമ്യരും ധീരരും ശക്തരുമാണവർ. മനുഷ്യൻെറ ജയക്കൊടി മണ്ണിലും വിണ്ണിലും കടലിലും തീയിലും നാട്ടാൻ അവർ ഭയപ്പെടുന്നില്ല. പക്ഷെ സോദരൻമാരുടെ ചോരചിന്താൻ അവരെ കിട്ടില്ല. അവർക്ക് സ്വന്തമായി വളരെ കുറച്ചേ വേണ്ടൂ. മറ്റെല്ലാം സമൂഹത്തിനാകെയുള്ളതാണ്.

രാജ്യങ്ങളും രാജ്യങ്ങളും തമ്മിൽ പോരടിക്കില്ല. ആയുധക്കൂമ്പാരങ്ങളില്ല. എല്ലാ ഹൃദയങ്ങളിലും ഒരൊററ സാഹോദര്യത്തിൻെറ സ്പന്ദനം മാത്രം. പുതിയ കലകൾ ഉയരും. പുതിയ സംഗീതങ്ങൾ വാനിൽ അലയടിക്കും.മനുഷ്യജീവിതം തന്നെ ഒരു സംഗീതമായിത്തീരും. ഈ ഭൂലോകം തന്നെ സ്വർഗമായിത്തീരും. അതാണ് ആ നല്ലനാളെ.

★★★

വിശ്വമാനവൻ

മാനവൻ വിശ്വമാനവൻ
വാനോളം വളർന്ന മാനവൻ
വിശ്വമാനവൻ, മാനവൻ
മാനവൻ

മാതാവായ അന്നദാതാവായ
ഭൂമിയിൽ കാലൂന്നി
അണുവിന്നുള്ളിന്നുള്ളിൽ
ആകാശത്തിൻ അപാരതയിൽ
അറിവുതേടിപ്പോകും
മാനവൻ, വിശ്വമാനവൻ

കൂടമേന്തിയ കൈകളാൽ
കൂട്ടായ അധ്വാനത്താൽ
നാദബ്രഹ്മത്താൽ
നരനായിത്തീർന്ന മാനവൻ

നാനാജാതികളായ്
നാനാവർഗങ്ങളായ് പിരിഞ്ഞു
പോരടിച്ചു....
എന്നിട്ടും നശിക്കാതെ
അധ്വാനത്തിൻ മഹത്വത്താൽ
ഐക്യമാർജിച്ച മാനവൻ
വിശ്വമാനവൻ

മണ്ണിലുറച്ചുനിന്ന്
വിണ്ണിനെ പുൽകിക്കൊണ്ട്
അനന്തതകരം തൻ നാൽക്കലവയിൽ
ഭൂതത്തെ ഭാവിയുമായ്
പ്രയോഗത്തെ സിദ്ധാന്തവുമായ്
ബന്ധിപ്പിച്ചടിപതറാതെനിൽക്കുന്ന
മാനവൻ, വിശ്വമാനവൻ
മാനവൻ

നമ്മിലൊളിഞ്ഞിരിക്കുമീ
വിശ്വമാനവനെ
വെളിവാക്കാൻ, വളർത്തീടാൻ
അവനെപൊതിഞ്ഞിരിക്കും
അജ്ഞാനത്തിൻ ഇരുളം നീക്കാൻ
അതിനായ്അണിനിരക്കു
ശാസ്ത്രത്തിന്റെ കൊടിക്കീഴിൽ

പരിഷത്തിന്റെ ചിഹ്നത്തെ വിശദീകരിക്കുന്ന ഒരു ഗാനമാണിത്. രണ്ടുകാലും ഭൂമിയിൽ ഉറപ്പിച്ചുവച്ച് (കവച്ചുവക്കുന്നത് ഉറച്ചുനിൽക്കാനാണ്) ഒരു കയ്യിൽ സിദ്ധാന്തത്തിന്റെ പ്രതീകമായ പുസ്തകമേന്തി മറുകയ്യ് സൂക്ഷ്മങ്ങളായ അണുക്കളുടെയും ഭീമമായ നക്ഷത്രക്കൂട്ടങ്ങളുടെയും പ്രപഞ്ചത്തിലേക്ക് നീട്ടിയിരിക്കുന്ന മനുഷ്യന്റെ ചിത്രമാണിത്. തീയിനെയും വെള്ളത്തെയും ഇരുട്ടിനെയും തണുപ്പിനെയും ഒക്കെ ഭയപ്പെട്ടിരുന്ന ആകാലം പോയി. ഇന്ന് മനുഷ്യൻ അന്യഗോളങ്ങളിൽ ചെന്നുചേർന്നിരിക്കുന്നു. അണുവിന്റെ കേന്ദ്രത്തിനുള്ളിൽ എത്തിയിരിക്കുന്നു. അവൻ വളരെ വളരെ വലുതായിരിക്കുന്നു, വാനോളം വലുതായിരിക്കുന്നു, വിശ്വമാനവനാകാൻ വെമ്പി നിൽക്കുകയാണവൻ.

അവന്റെ വളർച്ചയുടെ തുടക്കം അധ്വാനമാണ്. ചുററുമുള്ള പ്രകൃതിയിൽ മാററംവരുത്താനുള്ള ബോധപൂർവമായ

ശ്രമമാണ്. കൽക്കൂടങ്ങളിൽനിന്ന് ഇരുമ്പുകൂടത്തിലേക്കും അവിടെനിന്ന് പവർഹാമ്മറിലേക്കും അവൻ വളർന്നു. കൂട്ടായ ജീവിതവും അക്ഷരോച്ചാരണത്തോടുകൂടിയ ഭാഷയും (നാദബ്രഹ്മം) ആണ് അവനെ മനുഷ്യനാക്കിയത്, വാനരനെ നരനാക്കിയത്.

പിന്നീടവൻ പല ജാതികളും മതങ്ങളും വർഗങ്ങളുമായി പിരിഞ്ഞു. തമ്മിൽ പടവെട്ടി. മനുഷ്യവംശം തന്നെ പൂർണമായി നശിച്ചുപോകുമായിരുന്നു. അധ്വാനിക്കുന്ന ജനങ്ങൾ തമ്മിലുള്ള ഐക്യം മനുഷ്യജാതിയെ ഈ വിപത്തിൽനിന്ന് രക്ഷിക്കുന്നു.

ചെറുപ്പത്തിന്റെ ചെറുപ്പത്തെയും വലുപ്പത്തിന്റെ വലുപ്പത്തെയും, ഭൂതത്തെയും ഭാവിയെയും പ്രയോഗത്തെയും സിദ്ധാന്തത്തെയും ഒക്കെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് അടിപതറാതെ മണ്ണിൽ ഉറച്ചുനിന്നുകൊണ്ട്, അതായത് പ്രയോഗത്തെ ഒരിക്കലും മറക്കാതെ, വിണ്ണിനെ പുൽകുന്ന മനുഷ്യന്റെ ചിത്രമാണത്.

പക്ഷെ ഈ വിശ്വമാനവൻ ഇന്നും പൂർണമായി വെളിവാക്കപ്പെട്ടിട്ടില്ല. അജ്ഞാനത്തിന്റെ ഇരുൾ അവനെ മൂടിയിരിക്കുകയാണ് ആ ഇരുൾനീക്കി നമ്മെ വളർത്താൻ വിജ്ഞാനത്തിന്റെ കൊടികീഴിൽ അണിനിരക്കുക.

★★★

ശാസ്ത്രകലാ ജാഥയിലെ ഗാനങ്ങളും സംഗീത ശിൽപങ്ങളും നാടകങ്ങളും ഒക്കെ കൂട്ടായ പ്രവർത്തനത്തിൻെറ ഉൽപന്നങ്ങളാണ്. സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത സാഹിത്യകാരൻമാർ സഹിക്കാനാവാത്ത ഉാംവിളിയാൽ നടത്തുന്ന ആത്മാവിഷ്ക്കാരങ്ങളല്ലവ. ശാസ്ത്ര സാഹിത്യ പരിഷത്തിന് ജനങ്ങളുമായി പല അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കിടാനുണ്ട്. അതിനായി ഉപയോഗിക്കുന്ന മാധ്യമങ്ങളിലൊന്നാണ് ശാസ്ത്രകലാജാഥ. രണ്ടുമൂന്ന് തവണയായി നടന്ന ക്യാമ്പുകളിലൂടെ ഒട്ടേറെ പരിഷത്ത് പ്രവർത്തകരുടെ പ്രയത്നത്തിൻെറ ഫലമായാണ് ഇവയുടെ ഉള്ളടക്കവും രൂപവും ഉരുത്തിരിഞ്ഞുവന്നത്. കരിവെള്ളൂർ മുരളി, പനങ്ങാട് തങ്കപ്പൻപിള്ള, ജോസ് ചിറമ്മൽ മുല്ലനേഴി, പ്രൊഫ. വിജയൻനായർ മുതലായി നിരവധി പേർ ഇതിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. റിഹേഴ്സൽ ക്യാമ്പുകാം നടന്ന പാടിയോട്ട് ചാലിലെയും മാങ്ങാട്ടെയും പരിഷത് സുഹൃത്തുക്കളും പരിപാടികാം പരീക്ഷണാർഥം അവതരിപ്പിച്ച ഇരുപതോളം പ്രദേശങ്ങളിലെ ബഹുജനങ്ങളും വിമർശന നിർദേശാദികളിലൂടെ ഇതിനെ മെച്ചപ്പെടുത്തിയിട്ടുണ്ട്. അവരെല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

ശാസ്ത്ര കലാ ജാഥ
1984

ഒക്ടോബർ 1	ഒക്ടോബർ 21
വള്ളിക്കോത്ത് (കാസർഗോഡ്)	കുററിപ്പുറം (മലപ്പുറം)
മേഴത്തൂർ (പാലക്കാട്)	തൊടുപുഴ (ഇടുക്കി)
ഇലന്തൂർ (പത്തനംതിട്ട)	ഐൻസ്ററൈൻ ജങ്ഷൻ (തിരുവനന്തപുരം)

ശാസ്ത്രം അധ്വാനം

അധ്വാനം സമ്പത്ത്

സമ്പത്ത് ജനനന്മക്ക്

ശാസ്ത്രം ജനനന്മക്ക്

ശാസ്ത്രം
സാമൂഹ്യ വിപ്ലവത്തിന്